പതിമൂന്നാം കേരള നിയമസഭ

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1020 20/03/2012-ലെ മറുപടിക്ക്

<u>കണ്ണൂർ സർവ്വകലാശാല ബിടെക് പരീക്ഷാ ഫലം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) കണ്ണൂർ സർവ്വകലാശാലയിൽ ബിടെക്കിന്റെ സെമസ്റ്ററുകളിലെ പരീക്ഷാ ഫലം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) അഞ്ചാം സെമസ്റ്റർ, എട്ടാം സെമസ്റ്റർ പരീക്ഷാ ഫലങ്ങൾ വൈകി പ്രസിദ്ധീകരിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;<br>സി) മറ്റു സർവ്വകലാശാലകളിൽ സപ്ലിമെന്ററി പരീക്ഷയ്ക്കു തീയതി പ്രഖ്യാപിച്ചിട്ടും കണ്ണൂർ സർവ്വകലാശാലയിൽ പല സെമസ്റ്റർ പരീക്ഷയുടേയും ഫലപ്രഖ്യാപനമാകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | ബി) & സി)<br>എഞ്ചിനീയറിംഗ് കോളേജുകളിലെ പഠനദിനങ്ങളിൽ തന്നെ സർവ്വകലാശാലയിൽ പരീക്ഷാ മൂല്യനിർണ്ണയ ക്യാമ്പുകൾ നടത്തേണ്ടി വരുന്നതിനാൽ മൂല്യനിർണയത്തിനാവശ്യമായ അത്രയും അദ്ധ്യാപകരെ ലഭിക്കാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. സ്വാശ്രയ കോളേജുകളിൽ സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തന പരിചയം ഉള്ള അദ്ധ്യാപകർ ലഭ്യമല്ലാത്തതിനാൽ ഈ മേഖലയിലുള്ളവരെ മൂല്യനിർണ്ണയത്തിനായി മുഴുവനായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.<br>കണ്ണൂർ സർവ്വകലാശാല ബിടെക് ഉൾപ്പെടെ പരീക്ഷാസംബന്ധമായ ജോലികൾ മുഴുവനായി കമ്പ്യൂട്ടർ വൽക്കരിക്കാനുള്ള ശ്രമത്തിലാണ്. അപ്രതീക്ഷിതമായുണ്ടാവുന്ന ചില സാങ്കേതിക തകരാറുകൾ ഫല പ്രഖ്യാപനത്തെ ബാധിക്കാറുണ്ട്. |

ഇവ യഥാസമയം പരിഹരിച്ചു കൊണ്ടിരിക്കുന്നുണ്ട്. ബിടെക് വിഭാഗത്തിൽ ഫലപ്രഖ്യാപനം നടത്താനിരിക്കുന്ന എല്ലാ സെമസ്റ്റർ പരീക്ഷയുടെയും ഫലങ്ങൾ ഉടൻ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ